# ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ
## ഫോറസ്റ്റ് ഹെഡ്ക്വാർട്ടേഴ്സ്
## തിരുവനന്തപുരം

website: www. Forest.kerala.gov.in, Email: fibnews@gmail.com, Ph. 0471- 2529145

## പത്രക്കുറിപ്പ്

തീയതി: 03.02.2020

**വനം ആസ്ഥാനത്ത് പുതിയ സ്ട്രോംഗ് റൂം: ശിലാസ്ഥാപനം നടന്നു**

വനം വകുപ്പിന്റെ അധീനതയിലുള്ള ആനക്കൊമ്പുകൾ, ചന്ദനത്തടി, ചന്ദന തൈലം, ശില്പങ്ങൾ, കുറ്റവാളികളിൽ നിന്നും പിടിച്ചെടുത്ത തൊണ്ടിമുതൽ ഉൾപ്പെടെയുള്ള വിവിധ വസ്തുക്കൾ തുടങ്ങി വിലപിടിപ്പുള്ള സാധനങ്ങൾ സൂക്ഷിക്കുന്നതിനായി വഴുതക്കാട് വനം വകുപ്പ് ആസ്ഥാനത്ത് ആധുനിക രീതിയിലുള്ള സ്ട്രോംഗ് റൂം ഒരുങ്ങുന്നു. പദ്ധതിയുടെ ശിലാസ്ഥാപനം വനംവകുപ്പ് മന്ത്രി അഡ്വ കെ രാജു നിർവ്വഹിച്ചു. ബാങ്ക് ലോക്കറിന് സമാനമായ രീതിയിൽ കാലാനുസൃതമായ സവിശേഷതകളോടു കൂടിയ സ്ട്രോംഗ് റൂമാണ് നിർമ്മിക്കാനുദ്ദേശിക്കുന്നതെന്ന് വനം മന്ത്രി പറഞ്ഞു. അൻപത്തി അഞ്ച് ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്ന ഇതിന്റെ നിർമ്മാണം ജൂൺമാസത്തോടെ പൂർത്തിയാക്കാൻ നിർദ്ദേശം നൽകിയതായും അദ്ദേഹം അറിയിച്ചു.

വനം ആസ്ഥാനത്തെ വനശ്രീ മന്ദിരത്തിനുമുന്നിൽ 96 ചത്രുരശ്രമീറ്റർ വിസ്തീർണ്ണത്തിലാണ് സ്ട്രോംഗ് റൂം. .പച്ച നിറത്തിൽ കുമിളിന്റെ ആകൃതിയിൽ രണ്ട് പാളി ഭിത്തികളോടു കൂടിയ സ്ട്രോംഗ് റൂം പൂർണമായും കോൺക്രീറ്റിൽ തന്നെയാണ് നിർമ്മിക്കുക. ശിലാസ്ഥാപന ചടങ്ങിൽ മുഖ്യ വനം മേധാവി പി കെ കേശവൻ, ചീഫ് വൈൽഡ് ലൈഫ് വാർഡൻ സുരേന്ദ്രകുമാർ, പി സി സി എഫ്മാരായ ദേവേന്ദ്രകുമാർ വർമ്മ, ബെന്നിച്ചൻ തോമസ്, എ പി സി സി എഫ്മാരായ എസ് ഗോപാലകൃഷ്ണൻ, ഇ പ്രദീപ്കുമാർ, രാജേഷ് രവീന്ദ്രൻ, സി സി എഫ് പത്മാ മൊഹന്തി, എസ്റ്റേറ്റ് ഓഫീസർ ബി എൻ നാഗരാജ് തുടങ്ങിയവർ സംബന്ധിച്ചു

**ഡോ. അഞ്ചൽ കൃഷ്ണകുമാർ**
**പബ്ലിക് റിലേഷൻസ് ഓഫീസർ**
**ഫോറസ്ട്രി ഇൻഫർമേഷൻ ബ്യൂറോ**